(ബി) സർക്കാർ ഓഫീസുകളിൽ സമയനിഷ്ഠ ഉറപ്പാക്കുന്നതിനായി ഹാജർ നില സംബന്ധിച്ച് സെക്രട്ടറിയേറ്റ് മാനുവൽ/എം.ഒ.പി. എന്നിവയിലെ ബന്ധപ്പെട്ട ചട്ടങ്ങൾ കർശനമായി പാലിക്കപ്പെടണമെന്ന് നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. വകുപ്പ് മേധാവികൾ ബന്ധപ്പെട്ട വകുപ്പുകളിൽ മിന്നൽ പരിശോധന നടത്തി ഹാജർ നിലവാരം ഉറപ്പു വരുത്തണമെന്നും അനധികൃത മായി ജോലിക്കു ഹാജരാകാത്തവരുടെ പേരിൽ ശിക്ഷണ നടപടി സ്വീകരി ക്കേണ്ടതാണെന്നും കർശനമായ നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ കേരളഭരണ പരിഷ്ക്കാര കമ്മറ്റിയുടെ ശുപാർശകൾ അംഗീകരിച്ച് പഞ്ചിംഗ് സമ്പ്രദായം ഗവ:ഓഫീസുകളിൽ ഏർപ്പെടുത്തുവാൻ ഉള്ള നടപടികൾ സ്വീക രിച്ചു വരുന്നു.

(സി) ഇല്ല.

(ഡി) ചോദ്യം ഉദിക്കുന്നില്ല.

റോഡ് സുരക്ഷിതത്വ നിയമങ്ങളെക്കുറിച്ചു ബോധവല്ക്കരണം.

28 (*178)ശ്രീ. ജോസ് ബേബി :
ശ്രീ കെ. പ്രകാശ് ബാബു :
ശ്രീ. പി. നാരായണൻ :
ശ്രീ. സത്യൻ മൊകേരി :
ശ്രീ. യു.എസ് ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) റോഡപകടങ്ങൾ വർദ്ധിച്ചുവരികയും അനേകം ജീവൻ നഷ്ട പ്പെട്ടുകൊണ്ടിരിക്കുകയും ചെയ്യുന്ന ഈ കാലഘട്ടത്തിൽ കുട്ടികളിലും പൊതുജനങ്ങളിലും റോഡ് സുരക്ഷിതത്വ നിയമനങ്ങളെക്കുറിച്ചു ബോധവ ല്ക്കരണം നടത്തുന്നതിനു ഏതെങ്കിലും നടപടികൾ സ്വീകരിച്ചുവരുന്നുണ്ടോ;

(ബി) ഉണ്ടെങ്കിൽ എന്തെല്ലാം നടപടികളാണ് ഇതിനുവേണ്ടി നടപ്പാക്കിവരുന്നതെന്ന് വിശദമാക്കുമോ?

മുഖ്യമന്ത്രി (ശ്രീ. ഇ.കെ. നായനാർ) :

(എ)&(ബി) ഉണ്ട്. സംസ്ഥാനത്ത് വർദ്ധിച്ചുവരുന്ന റോഡപകടങ്ങളെ ക്കുറിച്ച് പഠിക്കുന്നതിനും അവയ്ക്കു പരിഹാരം കാണുന്നതിനുമായി അഡീഷണൽ ചീഫ്സെക്രട്ടറി ചെയർമാനായി ഒരു ഹൈലവൽ കമ്മിറ്റി രൂപീകരിക്കുകയും പ്രസ്തുത നിർദ്ദേശങ്ങൾ നടപ്പാക്കുന്നതിന് ചീഫ് സെക്രട്ടറി ചെയർമാനായി ഒരു ഉന്നതാധികാര സമിതി രൂപീകരിക്കുയും ചെയ്തിട്ടുണ്ട്. ബോധവല്ക്കണം അപകടങ്ങൾ കുറയ്ക്കാൻ സഹായമാകുമെ ന്നതിനാൽ റോഡുസുരക്ഷാ വിദ്യാഭ്യാസം ജനങ്ങൾക്ക് നൽകുവാൻ പ്രസ്തുത കമ്മിറ്റി ശുപാർശ ചെയ്തു. അതിന്റെ ഭാഗമായി വിദ്യാർത്ഥികൾ. വിവിധ വിഭാഗം ഡ്രൈവർമാർ, സൈക്കിൾയാത്രക്കാർ, കാൽനടക്കാർ എന്നിവരെ ബോധവൽക്കരിക്കുക എന്നതാണ് പദ്ധതി. റോഡുസുരക്ഷാ പുസ്തകങ്ങൾ, ഇലക്ട്രോണിക് മാദ്ധ്യമങ്ങൾ ഇവ ഇതിനായി ഉപയോഗി ക്കാനും ജില്ലാ റോഡു സുരക്ഷയ്ക്കായി സുരക്ഷാനിധി ഉപയോഗിച്ചു പദ്ധതി പ്രാവർത്തികമാക്കാനും തീരുമാനിച്ചിട്ടുണ്ട്. ഇതിനും പുറമെ ട്രാൻസ്പോർട്ട് ഡ്രൈവർമാർക്കും ടാക്സി ഡ്രൈവർമാർക്കും, ഓട്ടോ ഡ്രൈവർമാർക്കും ബോധവൽക്കരണ ക്ലാസുകൾ സംഘടിപ്പിക്കുകയും റേഡിയോ, ദൂരദർശൻ

LIBRARY ARCHIVES Kerala Legislative Assembly

തുടങ്ങിയ മാദ്ധ്യമങ്ങളിലൂടെ ജനങ്ങൾക്ക് ഉപയോഗപ്രദമായ നിർദ്ദേശങ്ങൾ നല്കുകയും ചെയ്തു വരുന്നു. ട്രാഫിക് അദാലത്തുകൾ, ട്രാഫിക് വാരാഘോഷങ്ങൾ, എന്നിവയും സംഘടിപ്പിക്കുന്നുണ്ട്. ഗതാഗത നിയമങ്ങളെ ക്കുറിച്ചു ജനങ്ങൾ പാലിക്കേണ്ട ലഘുലേഖകളും വിതരണം ചെയ്യുന്നുണ്ട്.

കുഷ്ഠരോഗ നിർമ്മാർജ്ജന പ്രവർത്തനം

29 (*179)ശ്രീ. പാലോട് രവി : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്ട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) കേരളത്തിലെ കുഷ്ഠരോഗ നിർമ്മാർജ്ജനപ്രവർത്തനങ്ങൾ ജനറൽ ഹെൽത്തിൽ ലയിപ്പിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ എന്നു മുതൽ എന്ന് വെളിപ്പെടുത്തുമോ;

(ബി) കുഷ്ഠരോഗം നിർമ്മാർജ്ജനം ചെയ്തതായി പ്രഖ്യാപിക്കാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ;

(സി) തിരുവനന്തപുരത്ത് ആയിരത്തിന് എത്ര രോഗികൾ ഉണ്ടെന്ന് കണക്കാക്കിയിട്ടുണ്ടോ; എങ്കിൽ അനുപാതം വിശദമാക്കുമോ; ഇതു സംബ ന്ധിച്ച് പഠിച്ച് റിപ്പോർട്ട് സർക്കാർ ഏതെങ്കിലും സമിതിയെ ചുമതലപ്പെടുത്തി യിട്ടുണ്ടോ : എങ്കിൽ റിപ്പോർട്ട് സർക്കാരിന് ലഭിച്ചിട്ടുണ്ടോ;

(ഡി) ആകെ ഉള്ള രോഗികളിൽ പകരുന്ന തരത്തിലുള്ള മൾട്ടി ആസിലറി രോഗികൾ എത്ര ശതമാനമാണ്;

(ഇ) ദേശീയ ശരാശരിയേക്കാൾ എത്ര കൂടുതലാണ് കേരളത്തിലെ നിരക്ക് എന്നറിയിക്കുമോ;

(എഫ്)ഇവരിൽ നിന്നും രോഗം പകരാതിരിക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(ജി) കുഷ്ഠരോഗ നിർമ്മാർജ്ജനപ്രവർത്തനങ്ങൾ ജില്ലാ-താലൂക്ക് ആശുപത്രികളിൽ നിലനിർത്തുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ?

ആരോഗ്യവും സ്പോർട്ട്സും വകുപ്പുമന്ത്രി (ശ്രീ. വി.സി. കബീർ) :

(എ)&(ബി)കേന്ദ്ര സർക്കാർ ഇതു സംബന്ധിച്ച് നൽകിയ നിർദ്ദേശ ങ്ങൾ ബന്ധപ്പെട്ട സംഘടനകളുമായി ചർച്ച ചെയ്തതിനുശേഷം ഇക്കാര്യത്തിൽ ഉചിതമായ തീരുമാനം കൈക്കൊള്ളുന്നതാണ്.

(സി) തിരുവന്തപുരം ജില്ലയിൽ ആയിരം ജനസംഖ്യക്ക് 2000 ജനുവരി 31-ലെ കണക്കനുസരിച്ച് 8.29 ആണ്. ഇത് സംബന്ധിച്ച് പഠിച്ച് റിപ്പോർട്ട് നൽകാൻ പ്രത്യേക ഏജൻസിയെ ചുമതലപ്പെടുത്തിയിട്ടില്ല.

(ഡി) മുപ്പതു ശതമാനം.

(ഇ) ദേശീയ ആവറേജിനെക്കാൾ കേരളത്തിലെ നിരക്ക് കൂടുതലാണ്.

(എഫ്) രോഗബാധിതരെ ആരംഭദിശയിൽതന്നെ കണ്ടെത്തി ശരിയായ ചികിത്സ നൽകി രോഗബാധിതരുടെ എണ്ണം വലിയതോതിൽ കുറയ്ക്കാൻ കഴിഞ്ഞതുകൊണ്ട് രോഗസംക്രമണ ശൃംഖല വിച്ഛേദിച്ച് രോഗബാധ തടയാൻ സാധിച്ചിട്ടുണ്ട്.

(ജി) കേന്ദ്ര ഗവൺമെന്റിന്റെ നിർദ്ദേശാനുസരണം നഗരപ്രദേശങ്ങളി ലുള്ളതായ സെന്ററുകൾ നിലനിർത്താൻ സർക്കാരിന് ഉദ്ദേശമുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly